DESPATCHED
On..11/06/2020........

25/05/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1967** *(2)/2017/എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **12935**/*എസ്.ഐ.സി–ജി 6/17)*
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.മണികണ്ഠൻ പിള്ള സുശീല,
പുതുവൽ വീട്, തോമസ് സ്റ്റീഫൻ കമ്പനിയ്ക്ക്
സമീപം, തെക്കേവിള ചേരി, പുത്തൻനട പി.ഒ.,
മുണ്ടയ്ക്കൽ വില്ലേജ്, കൊല്ലം.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഇരവിപുരം സോണൽ,
കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ.

2. അപ്പീൽ അധികാരി,
കൊല്ലം കോർപ്പറേഷൻ,
കൊല്ലം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30.06.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.07.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.08.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.10.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 05.10.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.മണികണ്ഠൻ പിള്ള

സുശീല, 04.10.2017ന് സമർപ്പിച്ച അപ്പീൽ ഹർജി 05.10.2017ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1967(2)/17/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തെറ്റായതും വിഷയവുമായി ബന്ധപ്പെടാത്ത വിവരങ്ങളുമാണ് നൽകിയതെന്നും തുടർന്ന് നൽകിയ അപ്പീലിനും മറുപടി നൽകിയില്ലെന്നും ടിയാന് ശരിയായ വിവരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 30.06.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കൊല്ലം മുണ്ടയ്ക്കൽ വില്ലേജിൽ തെക്കേവിള ഡിവിഷനിൽ തോമസ് കമ്പനിയുടെ തെക്കുവശത്ത് കൊല്ലം തോടിന്റെ കരയിൽ പുറംപോക്ക് ഭൂമിയിൽ വീട് വച്ച് ടിയാനും ഏകദേശം പതിനാറോളം കുടുംബങ്ങളും പതിനേഴ് വർഷമായി താമസിക്കുന്നുവെന്നും കോർപ്പറേഷനിൽ നിന്നും വീട്ടു നമ്പർ പതിച്ചു നൽകിയിട്ടുണ്ടെന്നും ടി പുറംപോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെ പേര്, വീട്ടു നമ്പർ, രജിസ്റ്റർ ചെയ്ത വർഷവും നൽകണമെന്നാണ്. ആയതിന് 27.07.2017ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 07.08.2017ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 06.07.2018ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകുകയും ടി മറുപടിയ്ക്കെതിരെ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരി സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഇരവിപുരം സോണൽ ഓഫീസ് റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തുകയും ടിയാൻ പറയുന്ന സ്ഥലത്ത് ഇപ്രകാരമുള്ള വീടുകൾ ഒന്നും തന്നെ നിലവിലുള്ളതായി കാണുന്നില്ലെന്നും തോടിന്റെ കരയിലുള്ള പുറംപോക്ക് ഭൂമിയിൽ കെട്ടിടങ്ങൾക്ക് പുറംപോക്ക് നമ്പർ നൽകിയതായി കണ്ടെത്താൻ കഴിഞ്ഞില്ല എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്നുമാണ്. കൂടാതെ ഇരവിപുരം സോണൽ രജിസ്റ്റർ പരിശോധിച്ചതിൽ **4/TRUA/327A, 10/UA/T(2A)** എന്നീ കെട്ടിടങ്ങൾ മാത്രമേ നിലവിലുള്ളുവെന്ന് റവന്യൂ സെക്ഷനിൽ നിന്നും റിപ്പോർട്ട്

ലഭിച്ചുവെന്നുമാണ്. തുടർന്ന് 24.10.2017ന് ഹിയറിംഗ് നടത്തുന്നതിന് അപ്പീൽ അധികാരി നോട്ടീസ് നൽകിയെങ്കിലും ടിയാൻ ഹാജരായിട്ടില്ലെന്നും ആകയാൽ ഒന്നാം എതിർകക്ഷിയുടെ മറുപടി അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 10.02.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ടിയാന് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന്റെ അപ്പീലിന് മറുപടി നൽകിയിട്ടില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപ്പീലിന്മേൽ അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം സ്ഥലപരിശോധന നടത്തിയ റവന്യൂ ഇൻസ്പെക്ടർ പ്രസ്തുത സ്ഥലത്ത് വീടുകൾക്ക് പുറമ്പോക്ക് കെട്ടിട നമ്പർ നൽകിയതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്. കൂടാതെ 24.10.2017ന് ടിയാനെ നേരിൽ കേൾക്കുന്നതിനായി നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരായിട്ടില്ലെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകി. ഇരുകക്ഷികളുടെയും മൊഴിയുടെയും രേഖകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരന് രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് അവസരം നൽകണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 18.02.2020ൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ രജിസ്റ്റർ 17.02.2020ന് ഹർജിക്കാരൻ ഇരവിപുരം സോണൽ ഓഫീസിൽ ഹാജരായി നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

6. ഹർജിക്കാരൻ 02.03.2020ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കത്തിൽ 12.02.2020ലെ ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം നടപടി സ്വീകരിക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ലെന്നും പലപ്രാവശ്യം ഓഫീസിൽ ഹാജരായെങ്കിലും നാളിതുവരെ മറുപടി നൽകിയിട്ടില്ലെന്നുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒരിയ്ക്കൽ കൂടി നൽകണമെന്നും അല്ലാത്ത പക്ഷം വിവരാവകാശ നിയമത്തിലെ വകുപ്പ് 20(1) പ്രകാരം നടപടി സ്വീകരിക്കുന്നതിന് കമ്മീഷൻ നിർബന്ധിതമാകുന്നതാ

ണെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയെ ഓർമ്മപ്പെടുത്തിക്കൊണ്ട് ടി അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 25-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഭരണകാര്യം)
/Gr/

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM